4.	ആലപ്പുഴ	9
5.	എറണാകുളം	10
6.	തൃശ്ശൂർ	5
7.	പാലക്കാട്	10
8.	മലപ്പുറം	3
9.	കോഴിക്കോട്	30
10.	വയനാട്	4
11.	കണ്ണൂർ	2
12.	കാസറഗോഡ്	10

(സി) 25 എണ്ണം.

(ഡി) & (ഇ) അപ്പീൽ സമർപ്പിക്കുന്നതിനും അനുവദിക്കുന്നതിനും സ്കൂ കലോത്സവ മാനുവലിൽ വ്യവസ്ഥയുള്ളതിനാൽ, എന്നാൽ മുൻവർഷങ്ങളെ അപേ ക്ഷിച്ച് അപ്പീലുകളുടെ എണ്ണം കുറവായിരുന്നു. എങ്കിലും അപ്പീലുകൾ താരതമ്യേന കൂടുതൽ അനുവദിച്ച ഡി. ഡി. ഇ.-മാരുടെ നടപടി അന്വേഷിക്കുന്നതാണ്.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

യുവജനോത്സവത്തിൽ ചമ്പു പ്രഭാഷണത്തിന് പിന്നണിക്കാരെ അനുവദിച്ച നടപടി

31 [328] ശ്രീ. കെ. സുധാകരൻ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യുവജനോത്സവം സംബന്ധിച്ച് പുതുക്കിയ മാനുവൽ പ്രകാരം ചമ്പു പ്രഭാഷണത്തിന് പിന്നണിക്കാരെ അനുവദിക്കാമെന്നും അവർ വിദ്യാർത്ഥികളായി രിക്കണമെന്ന് നിർബന്ധമില്ലെന്നും പറഞ്ഞിട്ടുണ്ടോ;

(ബി) 2005-06-ൽ എറണാകുളത്തുവച്ച് നടത്തിയ യുവജനോത്സവത്തിൽ ചമ്പു പ്രഭാഷണം സംബന്ധിച്ച സ്റ്റേജ് മാനേജരായിരുന്നു; പിന്നണിക്കാർ വിദ്യാർത്ഥികളായി രിക്കണമെന്ന് പ്രസ്തുത സ്റ്റേജ് മാനേജർ നിർബന്ധം പിടിക്കുകയും അക്കാര്യം അനൗൺസ് ചെയ്യുകയും ചെയ്തിരുന്നോ;

(സി) തന്മൂലം ആൺകുട്ടികളുടെ ചമ്പു പ്രഭാഷണത്തിൽ പിന്നണിക്കാരെ ഒഴിവാക്കേണ്ടി വന്നിരുന്നോ;

(ഡി) പാവണ്ടൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ജി. വന്ദനയുടെ രക്ഷിതാക്കൾ പ്രോഗ്രാം കമ്മിറ്റി കൺവീനറിൽ നിന്നും പിന്നണിക്കാരെ വയ്ക്കുവാൻ അനുകൂല ഉത്തരവ് വാങ്ങിയോ; എങ്കിൽ ഈ ഉത്തരവിനെ സ്റ്റേജ് മാനേജർ അനുസരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് പറയാമോ;

(ഇ) മാനുവലിനെതിരെ കുട്ടികളെ വിഷമിപ്പിച്ച സ്റ്റേറ്റ് മാനേജരുടെ മേൽ ശിക്ഷാനടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്കൂൾ കലോത്സവ മാന്വലിൽ ഈ വർഷം ചില മാറ്റങ്ങൾ വരുത്തിയിരുത്തിയിരുന്നെങ്കിലും, സംസ്കൃതോത്സവ മാന്വലിൽ മാറ്റങ്ങളൊന്നും വരുത്തിയിരുന്നില്ല. നിലവിലുള്ള സംസ്കൃതോത്സവ മാന്വൽ പ്രകാരം ചമ്പു പ്രഭാഷണത്തിന് പിന്നണി നിർബന്ധമില്ല. പിന്നണിക്കാരെ വെക്കുന്നുണ്ടെങ്കിൽ അവർ വിദ്യാർത്ഥികൾതന്നെ ആയിരിക്കണമെന്നും ഇല്ല.

(ബി) എറണാകുളം നായരമ്പലം ബി. വി. എച്ച്. എസ്.-ലെ സംസ്കൃതാദ്ധ്യാപിക ശ്രീമതി ജയശ്രീ ആയിരുന്നു സ്റ്റേജ് മാനേജർ. സ്കൂൾ കലോത്സവത്തിൽ പിന്നണിക്കാർ വിദ്യാർത്ഥികൾ തന്നെ ആയിരിക്കണമെന്ന് പുതുക്കിയ മാന്വൽ പ്രകാരം നിർബന്ധിതമാക്കിയതുകൊണ്ട് ചമ്പു പ്രഭാഷണത്തിന് പിന്നണിക്കാർ കുട്ടികൾ തന്നെ ആയിരിക്കണമെന്ന് അനൗൺസ് ചെയ്തതായി മത്സരങ്ങൾ പൂർത്തിയായതിനുശേഷം അറിയാൻ സാധിച്ചിരുന്നു. ഇതു സംബന്ധിച്ചുള്ള ഒരു പരാതിയും ജനറൽ കൺവീനറുടെ ശ്രദ്ധയിൽ ആരും കൊണ്ടുവന്നിരുന്നില്ല.

(സി) ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ചമ്പു പ്രഭാഷണത്തിന് പിന്നണി അനുവദിച്ചിരുന്നില്ല. ഇക്കാര്യത്തിൽ യാതൊരു പക്ഷഭേദവും സംഘാടകർ കാണിച്ചിരുന്നില്ല.

(ഡി) പാവണ്ടൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ജി. വന്ദനയുടെ രക്ഷിതാക്കൾ ഇക്കാര്യത്തിലുള്ള തീരുമാനത്തിനായി പ്രോഗ്രാം കമ്മിറ്റി കൺവീനറെ സമീപിച്ചിരുന്നു. പ്രോഗ്രാം കമ്മിറ്റി കൺവീനർ നിലവിലുള്ള മാന്വലിലെ വ്യവസ്ഥ അനുസരിച്ച് ചമ്പു പ്രഭാഷണത്തിന് പിന്നണി നിർബന്ധമില്ലെന്നും പിന്നണിക്കാരുണ്ടെങ്കിൽ അവർ വിദ്യാർത്ഥികൾ തന്നെ ആയിരിക്കണമെന്നില്ലെന്നും രക്ഷിതാക്കളെ ധരിപ്പിച്ചിരുന്നു. എന്നാൽ മത്സരത്തിൽ പങ്കെടുത്ത മറ്റ് വിദ്യാർത്ഥികളും രക്ഷിതാക്കളും അതത് ജില്ലകളെ പ്രതിനിധീകരിച്ച ടീം മാനേജർമാരോ ഇത്തരത്തിലുള്ള ഒരാവശ്യം ഉന്നയിക്കാത്ത സാഹചര്യത്തിൽ എല്ലാ ജില്ലകൾക്കും പൊതുവെ ബാധകമായ തീരുമാനം കൈക്കൊള്ളാൻ ഇടയായി.

(ഇ) എല്ലാ കുട്ടികളും മത്സരിത്തിൽ പങ്കെടുക്കുകയുണ്ടായി. സ്റ്റേജ് മാനേജരും സ്റ്റേജിൽ ഉണ്ടായിരുന്ന പ്രോഗ്രാം കമ്മിറ്റി അംഗങ്ങളും ആലോചിച്ച് ഈ തർക്കത്തിന്മേൽ തീരുമാനമെടുക്കേണ്ടതായിരുന്നു. കൂടാതെ ഇത് സംബന്ധിച്ചുള്ള ആക്ഷേപം യഥാസമയം ജനറൽ കൺവീനറുടെയോ പ്രഗ്രാം കമ്മിറ്റി കൺവീനറുടെയോ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നില്ല. അതുകൊണ്ട് സ്റ്റേജ് മാനേജർക്കെതിരെ ശിക്ഷണ നടപടിയെടുക്കാൻ നിർവ്വാഹമില്ല.

സ്കൂൾ ലൈബ്രറി വികസനം

32 [329] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. സി. പി. മുഹമ്മദ്:
,, ചി. ടി. തോമസ്:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly